**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - വയനാട് ജില്ല, വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിമാരായ ശ്രീ. എ.ആർ. പ്രഭാകരൻ, ശ്രീ. പി. ഹംസ എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1746/2017/തസ്വഭവ                    തീയതി, തിരുവനന്തപുരം, 27.05.2017

===========================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 23.10.2013-ലെ E11 (എസ് സി 9/13/WYD) 12266/13 നമ്പർ കത്ത്

2. സർക്കാരിന്റെ 20.06.2014-ലെ 21593/ഇപിബി3/2012/തസ്വഭവ നമ്പർ കുറ്റപത്രം

3. കുറ്റപത്രത്തിന് വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിമാരായ ശ്രീ. വി. ഹംസയുടെ 28.08.2014-ലെയും ശ്രീ. എം.ആർ. പ്രഭാകരന്റെ തീയതി വയ്ക്കാത്തതുമായ എതിർവാദ പത്രികകൾ

4. പഞ്ചായത്ത് ഡയറക്ടറുടെ 01.08.2016-ലെ ഡി1-28723/14 നമ്പർ കത്ത്

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പൊരുന്നന്നൂർ വില്ലേജ് പരിധിയിലെ വെള്ളമുണ്ട ഗ്രാമപഞ്ചായത്തിലെ വെട്ടുകൊല്ലി എന്ന പ്രദേശത്തെ അനധികൃത കളിമൺ ഖനനവും ഇഷ്ടിക നിർമ്മാണവും സംബന്ധിച്ച് ആകസ്മിക പരിശോധന നടത്തിയതിൽ വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായ ശ്രീ. എം.ആർ. പ്രഭാകരൻ, ശ്രീ. വി. ഹംസ എന്നിവർ കുറ്റക്കാരാണെന്ന് കണ്ടെത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാളുകൾക്ക് പരാമർശം (2) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ഉദ്യോഗസ്ഥർ പരാമർശം (3) പ്രകാരം സമർപ്പിച്ച എതിർവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം ചുവടെ ചേർക്കുന്ന അഭിപ്രായം ലഭ്യമാക്കുകയുണ്ടായി.

ശ്രീ. വി. ഹംസ 06.02.2011 മുതൽ 19.06.2012 വരെയുള്ള കാലഘട്ടത്തിലാണ് വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്നത്. വെള്ളമുണ്ട ഗ്രാമപഞ്ചായത്തിലെ പൊരുന്നന്നൂർ വില്ലേജിൽ സർവ്വേ 179/2, 179/3 സർവ്വേ നമ്പറുകളിൽപ്പെട്ട സ്ഥലത്ത് അനധികൃത കളിമൺ ഖനനവും, ഇഷ്ടിക നിർമ്മാണവും നടത്തിയിരുന്നത് ശ്രീ. ക്ലീറ്റസ് എന്ന വ്യക്തിയാണ്. നിയമാനുസരണമുള്ള അനുമതി പത്രങ്ങൾ സമ്പാദിക്കാതെയാണ് ടിയാൻ കളിമൺ ഖനനവും ഇഷ്ടിക നിർമ്മാണവും നടത്തിയിരുന്നത്. റവന്യൂ വകുപ്പ്, മൈനിംഗ് & ജിയോളജി വകുപ്പ് എന്നിവിടങ്ങളിൽ നിന്ന് മതിയായ അനുമതി പത്രങ്ങൾ ലഭ്യമാക്കിയ ശേഷം ഗ്രാമപഞ്ചായത്തിൽ നിന്നും നിയമാനുസരണം ഡി&ഒ ലൈസൻസ് കരസ്ഥമാക്കേണ്ടത് ശ്രീ. ക്ലീറ്റസിന്റെ ചുമതലയാണ്. വാർഡിന്റെ അന്വേഷണ ചുമതലയുള്ള ക്ലാർക്കുമാരാണ് യഥാസമയം ഇത്തരം അനധികൃത

പ്രവർത്തനങ്ങൾ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടത്. വാർഡിന്റെ ചുമതലയുള്ള ക്ലാർക്കുമാരോ, ജനപ്രതിനിധികളോ അപ്രകാരം ശ്രദ്ധയിൽപ്പെടുത്താത്തതുകൊണ്ടാണ് അനധികൃത കളിമൺ ഖനനവും ഇഷ്ടിക നിർമ്മാണവും നിർത്തി വയ്പ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കാതിരുന്നത് എന്ന സെക്രട്ടറിയുടെ വാദം നിലനിൽക്കുന്നതാണ്. വാർഷിക പദ്ധതി രൂപീകരണം, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് മുതലായ വർദ്ധിച്ച ജോലിഭാരമുണ്ടായതിനാൽ 21 വാർഡുകളും, ഏറെ ഭൂവിസ്തൃതിയുമുള്ള ഗ്രാമപഞ്ചായത്ത് പ്രദേശങ്ങൾ നേരിൽ സന്ദർശിക്കുന്നതിന് സാധിച്ചിട്ടില്ല എന്ന സെക്രട്ടറിയുടെ പരാമർശം പരിഗണനാർഹമാണ്. റവന്യൂ ഡിവിഷണൽ ഓഫീസർ, മൈനിംഗ് & ജിയോളജി വകുപ്പ് എന്നിവിടങ്ങളിൽ നിന്നും അനുമതി വാങ്ങേണ്ടിയിരുന്നത് ശ്രീ. ക്ലീറ്റസ് ആയിരുന്നതിനാലും, വർദ്ധിച്ച ജോലിത്തിരക്കുകാരണം നേരിൽ സ്ഥല പരിശോധന സാധ്യമാവാത്തതിനാലും, ആരും ശ്രദ്ധയിൽപ്പെടുത്താത്തതിനാലുമാണ് ഈ വിഷയത്തിൽ നടപടി സ്വീകരിക്കാതിരുന്നത് എന്ന മുൻ സെക്രട്ടറി ശ്രീ. വി. ഹംസയുടെ മറുപടി പരിഗണിക്കാവുന്നതാണ്.

ശ്രീ. എം.ആർ. പ്രഭാകരൻ 13.07.2012 മുതൽ 20.06.2014 വരെയുള്ള കാലഘട്ടത്തിലാണ് വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്നത്. അനധികൃ കളിമൺ ഖനനവും ഇഷ്ടിക നിർമ്മാണവും ശ്രദ്ധയിൽപ്പെട്ട സമയത്തുതന്നെ സെക്രട്ടറിയായിരുന്ന ശ്രീ എം.ആർ. പ്രഭാകരൻ സ്റ്റോപ്പ് നോട്ടീസ് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ക്ലീറ്റസ് താൻ കളിമൺ ഖനനവും, ഇഷ്ടിക നിർമ്മാണവും നിർത്തിവച്ചതായി രേഖാമൂലം സെക്രട്ടറിയെ അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. വാർഡിന്റെ അന്വേഷണ ചുമതലയുള്ള ക്ലാർക്കുമാരാണ് യഥാസമയം ഇത്തരം അനധികൃത പ്രവർത്തനങ്ങൾ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടത്. അപ്രകാരം ശ്രദ്ധയിൽപ്പെടുത്താത്തതുകൊണ്ടാണ് ആരംഭ സമയത്തുതന്നെ നിർമ്മാണ നടപടികൾ നിർത്തിവെയ്പ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കാതിരുന്നത് എന്ന സെക്രട്ടറിയുടെ വാദം നിലനിൽക്കുന്നതാണ്.

അനധികൃത കളിമൺ ഖനനത്തിനെതിരെ ഉചിതമായ നിയമനടപടികൾ സ്വീകരിക്കുക എന്നത് മൈനിംഗ് & ജിയോളജി വകുപ്പിന്റെ ജില്ലാ ഓഫീസറിൽ നിക്ഷിപ്തമായ ചുമതലയാണ്. ശ്രീ. എം.ആർ. പ്രഭാകരൻ അനധികൃതമായി കളിമൺ ഖനനവും, ഇഷ്ടിക നിർമ്മാണവും നടത്തിയിരുന്നത് ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ സ്റ്റോപ്പ് മെമ്മോ നൽകുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ മുൻ സെക്രട്ടറിയായിരുന്ന ശ്രീ. എം.ആർ. പ്രഭാകരൻ സമർപ്പിച്ച മറുപടി പരിഗണിക്കാവുന്നതാണ്.

മൈനിംഗ് & ജിയോളജി വകുപ്പ് അനധികൃത കളിമൺ ഖനനത്തിനെതിരെ പിന്നീട് നിയമനടപടികൾ സ്വീകരിക്കുകയും റോയൽറ്റി ഇനത്തിൽ 95,000/- രൂപയും, പിഴയായി 5,000/- രൂപയും അടക്കം 1,00,000/- രൂപ ശ്രീ. ക്ലീറ്റസ് എന്ന വ്യക്തിയിൽ നിന്ന് ഈടാക്കിയിട്ടുണ്ടെന്നും റവന്യൂ വകുപ്പ് ശ്രീ. ക്ലീറ്റസ് അനധികൃതമായി നിർമ്മിച്ച് ഇഷ്ടികകൾ കണ്ടുകെട്ടി ലേലം ചെയ്യുകയും, ഈ ഇനത്തിൽ ലഭിച്ച തുകയായ 6,53,310/- രൂപ സർക്കാരിലേക്ക് മുതൽ കൂട്ടുകയും ചെയ്തിട്ടുണ്ടെന്നും ആയതിനാൽ അനധികൃത ഇഷ്ടിക നിർമ്മാണം വഴി പൊതുഖജനാവിന് നഷ്ടം സംഭവിച്ചിട്ടില്ല എന്ന സെക്രട്ടറിയുടെ വാദം നിലനിൽക്കുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ഉദ്യോഗസ്ഥർ സമർപ്പിച്ച എതിർവാദ പത്രികകളുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അനധികൃത കളിമൺ ഖനനം തടയുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ജാഗ്രത കുറവുണ്ടായി

എന്ന് വ്യക്തമാകുന്നു. ഈ സാഹചര്യത്തിൽ വെള്ളമുണ്ട ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറിമാരായ ശ്രീ. എ.ആർ. പ്രഭാകരൻ, ശ്രീ. വി. ഹംസ എന്നിവർക്കെതിരെ ആരംഭിച്ചിട്ടുള്ള അച്ചടക്ക നടപടി 'സെൻഷർ' നൽകി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. എ.പി. പ്രഭാകരൻ, മുൻ സെക്രട്ടറി, വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് } (പഞ്ചായത്ത് ഡയറക്ടർ,
2. ശ്രീ. വി. ഹംസ, മുൻ സെക്രട്ടറി, വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് } തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്
7. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
8. വിജിലൻസ് വകുപ്പ് (11.04.2017-ലെ 2303/ബി1/2017/വിജി. നമ്പർ യു.ഒ. റിമാർക്സ് പ്രകാരം)
9. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.21593/ഇപിബി3/2014/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ